# Mission Home L. P. School, Mariapuram

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം

ആമുഖം :-

2025-26 അക്കാദമിക വർഷത്തെ മാസ്റ്റർപ്ലാൻ ഈ വർഷത്തെ ആദ്യത്തെ SRG മീറ്റിംഗിൽ വെച്ച് HM Smt. സീനടീച്ചറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ചർച്ച ചെയ്ത് രൂപീകരിക്കുകയുണ്ടായി. PTA അംഗങ്ങൾ, സ്കൂൾ മാനേജർ, എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സ്കൂളിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്തു. സ്കൂളിന്റെ ഭൗതികനിലവാരം എല്ലാ തലത്തിലും ഏറെ മെച്ചപ്പെട്ടതാണെന്ന് യോഗം വിലയിരുത്തി. കഴിഞ്ഞ വർഷത്തെ മാസ്റ്റർ പ്ലാൻ അവലോകനം നടത്തിയശേഷം നിശ്ചിത ഫോർമാറ്റിൽ ഈ വർഷത്തെ കരട് മെച്ചപ്പെടുത്തി എഴുതി ഗ്രൂപ്പുകാർ തയ്യാറാക്കിയ നിർദ്ദേശങ്ങൾ പൊതുവായി അവതരിപ്പിച്ചു. ഓരോ അവതരണത്തിനു ശേഷവും ചർച്ച ചെയ്ത് കൂട്ടിച്ചേർക്കൽ നടത്തി സമ്പുഷ്ടമാക്കി. ഈ വർഷം നടപ്പിലാക്കേണ്ട പദ്ധതികളെ CWSN കുട്ടികൾക്കുകൂടി പ്രത്യേക പരിഗണന നൽകുന്ന വിധം ക്രമപ്പെടുത്തി.

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മിഷൻ ഹോം LPS മരിയാപുരം |
| | : | P.O. കുട്ടനെല്ലൂർ, തൃശ്ശൂർ - 680006 |
| ഫോൺ | : | 0487-2352590<br>9496756164 |
| സ്കൂൾ കോഡ് | : | 22413 |
| വിദ്യാഭ്യാസ ഉപജില്ല | : | തൃശ്ശൂർ, ഈസ്റ്റ് |
| വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| URC | : | തൃശ്ശൂർ |
| കോർപ്പറേഷൻ | : | തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : | ഒല്ലൂർ |
| ലോകസഭാ മണ്ഡലം | : | തൃശ്ശൂർ |
| താലൂക്ക് | : | തൃശ്ശൂർ |
| വില്ലേജ് | : | ഒല്ലൂർ |

# പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- സ്കൂൾ പത്രം
- ദിനാചരണങ്ങൾ
- സാഹിത്യപോഷണ പരിപാടികൾ
- പ്രതിഭാ പോഷണ പരിപാടികൾ
- ക്ലാസ് PTA
- IT പരിശീലനം
- ശാസ്ത്രാഭിരുചി വളർത്തൽ
- പഠനയാത്രകൾ
- ഗണിതലാബ്
- ഗണിതത്തിലെണ്ടു
- ശാസ്ത്ര പരിപോഷണം പരിപാടി
- പാവനാടക പരിശീലനം
- പ്രവൃത്തി പരിചയ പഠനം
- ഔഷധത്തോട്ടം
- എന്റെ ചെടി

- അമ്മ വായന
- നാട്ടറിവ്
- ഗ്രാമപത്രം
- ജൈവവൈവിധ്യപാർക്ക്.
- സ്പോക്കൺ ഇംഗ്ലീഷ് പ്രത്യേകപരിശീലനം
- ഇംഗ്ലീഷ് ഹാൻഡ്‌റൈറ്റിംഗ് പ്രത്യേകപരിശീലനം

## നേട്ടങ്ങൾ

അക്കാദമികമായി കുട്ടികളെ ഉന്നതനിലവാരത്തിലെത്തിക്കാനുതകുന്ന നിരവധി പ്രവർത്തനങ്ങൾ ഞങ്ങളുടെ വിദ്യാലയം നടത്തി വരുന്നു. അക്ഷരം പഠിപ്പിക്കാനുള്ള ലൈബ്രറി, ഇംഗ്ലീഷ് പഠന സൗകര്യങ്ങൾ എന്നിവ സ്കൂളിലുണ്ട്. പഠന വിഷയങ്ങളുമായി ബന്ധപ്പെടുത്തി ദിനാചരണങ്ങൾ നടത്തിയിരുന്നു. പത്രവായന, ക്വിസ് മത്സരം, വായനക്കുറിപ്പ് തയ്യാറാക്കൽ എന്നീ തനതു പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തി വരുന്നു. വിവിധ മത്സരങ്ങളിലും മത്സരപരീക്ഷകളിലും പങ്കെടുത്ത് സമ്മാനങ്ങൾ നേടാറുണ്ട്.

## ഭൗതികം

പുതിയ സ്കൂൾ കെട്ടിടത്തിൽ 6 ക്ലാസ് മുറികൾ, കമ്പ്യൂട്ടർ റൂം, ലൈബ്രറി, ഓഫീസ് റൂം എന്നിവയും കിച്ചൻ, ഊണുമുറി, ടോയ്‌ലറ്റ് എന്നീ എല്ലാവിധ അനുബന്ധ സൗകര്യങ്ങളും ഉണ്ട്. കുട്ടികൾക്കായി പാർക്ക്, ശലഭോദ്യാനം, ഫലോദ്യാനം എന്നീ സൗകര്യങ്ങളും ഈ വിദ്യാലയത്തിന്റെ നേട്ടങ്ങളാണ്. കുട്ടികൾക്കായി ബാന്റ്സെറ്റ്, കരാട്ടേ ക്ലാസുകളും ഒരുക്കിയിട്ടുണ്ട്. നൃത്തപരിശീലനവും ഉണ്ട്.

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| വിവിധ മത്സരപരീക്ഷകളിൽ കുട്ടികളുടെ മികവ് വർദ്ധിക്കേണ്ടതുണ്ട്. മലയാളത്തിൽ അക്ഷരത്തെറ്റ് വരുത്തുന്ന കുറേ കുട്ടികൾ ഉണ്ട്. കലാ-കായിക മത്സരങ്ങളിൽ പരിശീലനങ്ങൾക്ക് വേണ്ടത്ര അധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. | കമ്പ്യൂട്ടർ ലാബിൽ വേണ്ടത്ര കമ്പ്യൂട്ടറുകൾ ഇല്ല. എല്ലാ ക്ലാസ്സുകളിലും കമ്പ്യൂട്ടർ ഇല്ല. ICT സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് class മുറികളിൽ നെറ്റ് സൗകര്യമില്ല. | വൈവിധ്യമാർന്ന പല പ്രവർത്തനങ്ങളും ആസൂത്രണമില്ലായ്മയുടേയും ഏകോപനക്കുറവു മൂലവും ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. |

## മലയാളം

പദ്ധതിയുടെ പേര് : മലയാളത്തിളക്കം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ - മലയാളത്തിളക്കം.

മികച്ച വായനക്കാരൻ - വായനക്കൂട്ടം.

മികച്ച എഴുത്തുകാരൻ - എഴുത്തുകൂട്ടം

## അവസ്ഥാ വിശകലനം

ഈ കാലഘട്ടത്തിൽ മലയാള അക്ഷരങ്ങൾ കൂട്ടുകാർക്ക് കുട്ടികൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വിഷയമാണ്. എഴുതുന്നതിനാവശ്യമായ അക്ഷരങ്ങളും ചിഹ്നങ്ങളും കുട്ടികൾക്ക് അറിയുന്നില്ല. വായിക്കാൻ അറിയുന്നില്ല. കുട്ടികളുടെ അവസ്ഥ വിലയിരുത്തുന്നതിനായി Pre-test നടത്തുന്നു.

## പ്രതീക്ഷിത നേട്ടങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- മലയാളത്തിളക്കം.
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടുന്നു.
- വായനയും എഴുത്തും മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുന്നു.
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത വികസിപ്പിക്കുന്നു.

| | | |
|---|---|---|
| 1. മലയാളത്തിളക്കം - Pre-test. | ഓരോ ക്ലാസിലെയും കുട്ടികളെ Pre test നടത്തി, അവരുടെ ഇപ്പോഴത്തെ അവസ്ഥ കണ്ടെത്തുന്നു. | June. |
| 2. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ. | മലയാളത്തിളക്കം ടെക്സ്റ്റ് ഉപയോഗിച്ചും ICT സഹായത്തോടെയും പഠനപ്രവർത്തനങ്ങളിലൂടെയും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. | July - November. |
| 3. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു.<br>ക്ലാസ് ലൈബ്രറികൾ ഒരുക്കുന്നു.<br>വായനോത്സവം സംഘടിപ്പിക്കുന്നു.<br>പത്രവായന<br>വായനാക്കുറിപ്പുകൾ, തയ്യാറാക്കൽ.<br>വായനാനുഭവങ്ങൾ പങ്കുവെയ്ക്കൽ.<br>ഇ - വായന.<br>ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന.<br>വായനാസാമഗ്രികൾ വികസിപ്പിക്കൽ. | |

| | |
|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | • എഴുത്തുകൂട്ട രൂപീകരണം<br>• പുസ്തകചർച്ച, ക്ലാസ് ലൈബ്രറി<br>• പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് നേടുന്നു.<br>• വ്യക്തിഗതരചനകൾ<br>• പതിപ്പ് തയ്യാറാക്കൽ<br>• അമ്മ വായന<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>• കുട്ടികൾക്ക് സമീപത്തുള്ള ഗ്രന്ഥശാലയിൽ അംഗത്വം നേടൽ.<br>• വായനസാമഗ്രികൾ വികസിപ്പിക്കൽ<br>• ദിനാചരണങ്ങൾ |

കുട്ടികളെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച് മികച്ച വായനക്കാരും എഴുത്തുകാരും ആക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്ന കർമപദ്ധതി രൂപകല്പന ചെയ്തു.

# ലൈബ്രറി വികസനം

പദ്ധതിയുടെ പേര്: വായനക്കളരി

അവസ്ഥാ വിശകലനം:-

രക്ഷിതാക്കളുടെ ഫോൺ ഉപയോഗം കുട്ടികളെ വല്ലാതെ ആകർഷിക്കുന്നുണ്ട്. ഈ മാധ്യമങ്ങളിൽനിന്ന് കുട്ടികളെ അകറ്റി നിറുത്താനും വായനയോടുള്ള താല്പര്യം വളർത്താനും ലൈബ്രറി പ്രയോജനപ്പെടുത്തുക. വീടുകളിൽ ഇതിനുള്ള സാഹചര്യം കുറവായതുകൊണ്ട് സ്കൂളിൽ അവരുടെ അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങൾ ലഭ്യമാക്കുക.

പ്രതീക്ഷിത നേട്ടങ്ങൾ:

- കുട്ടികളിൽ വായനശീലം വളർത്തുക.
- ഭാഷാപരമായ നൈപുണി നേടുക.
- അക്ഷരം അറിയുക.
- വായനയിൽ താല്പര്യം വളർത്തുക.
- പൊതുവിജ്ഞാനം വളർത്തുക.
- പുസ്തകങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി അധികവായനക്ക് ഉപയോഗപ്പെടുത്തുക.

5 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ആൽബം തയ്യാറാക്കൽ, ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ, കവിതകൾ ശേഖരിക്കൽ. ഇതിനായി സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും പ്രയോജനപ്പെടുത്തുന്നു.

6. കുട്ടികളിൽ സമാന നിലവാരമുള്ളവരെ ഒരുമിച്ച് ലൈബ്രറി റൂമിൽ ഇരുത്തി അവർക്ക് വായിക്കാവുന്ന പുസ്തകങ്ങൾ വിതരണം ചെയ്യുന്നു.

7 നവംബർ 1 മുതൽ 30 വരെയുള്ള ഒരു മാസക്കാലംകൊണ്ട് എന്റെ ഗ്രാമം എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് അടിസ്ഥാനത്തിൽ കുറിപ്പുകൾ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുന്നു. ഇതിനെപ്പറ്റി എഴുതുന്നതിന് പല മഹാന്മാരും സ്വന്തം ഗ്രാമത്തെക്കുറിച്ച് എഴുതിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു.

8 ശില്പശാലകൾ, ഡയറിക്കുറിപ്പുകൾ, ക്ലാസ് പത്രം മുതലായവ നിർമിക്കാൻ അവസരം നൽകുന്നു.

| ക്ലാസ് | കുട്ടികളുടെ എണ്ണം | ടീച്ചറുടെ പേര് | IEDC കുട്ടികൾ |
|---|---|---|---|
| Std I | 15+11=26 | Bini Varghese N. | |
| Std II | 14+22=36 | Seena P.O. | |
| Std III | 19+9=28 | Joshila Mathew N. | Jeesmon |
| Std IV | 18+14=32 | Pauly P.P. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് 1

ആമുഖം-

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ്മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്.

ലക്ഷ്യങ്ങൾ:-

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവുനേടുമെന്നു ഉറപ്പു വരുത്തുക.

3. ഒരു സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനു കഴിവു നേടുക.

4. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

5. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

പ്രവർത്തന പദ്ധതി

ലക്ഷ്യം

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

- ജൂൺ

ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ

ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.
രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം.

## ജൂലൈ

ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.

വീട്ടുവായന :-
രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു.

കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.

ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

ചിത്രകാർഡുകൾ, വായനകൾ, നിർമാണ ശില്പശാല

ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കാണാനും കേൾക്കാനും പുനരവതരണത്തിനുമുള്ള സാധ്യതകൾ.

## ആഗസ്റ്റ് :

തിയേറ്റർ സാധ്യതകൾ, വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ.

കഥയുടെ പുനരവതരണം, വ്യത്യസ്ത വ്യവഹാരരൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം.

# മലയാളം

പൊതു പഠന ലക്ഷ്യങ്ങൾ.

1. രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളിലും ആശയഗ്രഹണ വായന ഉറപ്പാക്കുക.
2. തെറ്റുകളില്ലാത്ത ക്ലാസ്സ്‌ നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
3. സംഭാഷണം - ലഘുവിവരണം. കഥ എന്നിവ തയ്യാറാക്കുന്നു.
4. ആശയം - ഈണം - താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

മുന്നൊരുക്കം.

പ്രീടെസ്റ്റ് നടത്തുന്നു.
കുട്ടികളുടെ നിലവിലുള്ള അവസ്ഥ - കഴിവുകൾ - പരിമിതികൾ എന്നിവ കണ്ടെത്തി പിന്തുണ കുട്ടികൾക്ക് ലഭ്യമാക്കുന്നു.

ജൂൺ

- ചിത്രകാർഡുകൾ നൽകൽ.
- ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ
- വായന സാമഗ്രികൾ നിർമ്മിക്കൽ.
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

ജൂലായ്.

- ഭാഷയുമായി ബന്ധപ്പെട്ട് ഐസിടി. സഹായം ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയിലും എഴുത്തിന്റെ സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി- ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്:

- ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം.
- വായനതലത്തിന് അനുസരിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ:

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

ഒക്ടോബർ

- കഥകൾ - സംഭാഷണങ്ങൾ സ്വന്തം ഭാഷയിൽ വായിക്കാൻ വായിച്ച പ്രയത്നത്തിന്.
- വിവിധ തലത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ട പ്രോത്സാഹനം നൽകുന്നു.

ആന - വലിയ ആന - കറുത്ത വലിയ ആന.

നവംബർ.

- കുട്ടികളുടെ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു.

ഡിസംബർ:

- ഭാഷയിലെ വിവിധ തലങ്ങളിൽ പങ്കെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത രചനകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

Std II

ഗണിതം

ഓരോ പഠന നേട്ടങ്ങളിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലൂടെ തന്ത്രപരമായി ശേഷിയെടുക്കേണ്ട തരം ശേഷിയെടുക്കുക തന്നെയാണ് ലക്ഷ്യം.

- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.
- സംഖ്യകളെ വ്യാഖ്യാനിക്കൽ പ്രശ്നാപഗ്രഥനം.

ജൂൺ

പാറ്റേൺ രൂപീകരിക്കൽ.

ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറയ്ക്കുമ്പോൾ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

ജൂലൈ.

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
- ഗണിതക്കിറ്റ്. എല്ലാ കുട്ടികളിലും ഉറപ്പിക്കൽ.
- 10-ന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ

ആഗസ്റ്റ്.

- വിവിധ പാറ്റേണുകൾ ശേഖരിക്കുന്നു
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നു.
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ.

സെപ്റ്റംബർ.

- ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവര പട്ടിക തയ്യാറാക്കൽ.
- ക്ലാസ്സിലെയാകെ ഗണിതാശയങ്ങൾ പ്രായോഗിക തലത്തിൽ ഏറെ ഉറപ്പിക്കുന്നു.

ഒക്ടോബർ.

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

## അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം Std III

### ഉദ്ദേശ്യങ്ങൾ

* സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിതസന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും
* കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും
* ആസ്വദിച്ച ഭാഷാപ്രയോഗങ്ങൾ ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും
* ലഘുവായ സർഗാത്മകരചനകൾ നടത്തും
* കഥകളേയും കവിതകളേയും മറ്റും നാടകം പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയ്യേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും.

### ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ

1 മാസത്തിലേക്ക് (June July)

* നാടൻ പാട്ടുകൾ, വായ്ത്താരികൾ, പഴഞ്ചൊല്ലുകൾ ശേഖരണം
* കടംകഥ ശേഖരണം, ക്ലാസ് ലൈബ്രറി നവീകരണം
* നാടൻപാട്ടിലേയും കവിതയിലേയും താളം, ശൈലികൾ

...ങ്ങൾ ശേഖരണം
...ടാകാരനെ പരിചയപ്പെടൽ
...കടാതൂപങ്ങൾ ചിത്രശേഖരണം
* പാവനാടകം ശില്പശാല

ആഗസ്റ്റ് സെപ്തംബർ

പലഹാരവൈചിത്ര്യം
* ചിത്രം വര
* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കൽ
* നാടക ശില്പശാല
* ചൊൽക്കാഴ്ച അവതരണം
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകളുടെ ശേഖരണം
* പലഹാരമേള - പാചകക്കുറിപ്പ് തയ്യാറാക്കൽ
* കണ്ണുകൾ മാതൃകകൾ
* സ്കൂൾ പത്രം
* നാട്ടിലെ വിദ്യാലയം — ചരിത്രപരിപാടി തയ്യാറാക്കൽ

സി. പി. ടി. എ ഒന്നാം മികവുത്സവം

* നാടോടിക്കഥകളുടെ അവതരണം
* നാടൻപാട്ടുകൾ അവതരണം

ഒക്ടോബർ

മനുഷ്യന്റെ കൈകൾ
* കൃഷിയിടം സന്ദർശിക്കൽ
* കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
* കുട്ടിക്കളികൾ, കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം
* നാടൻപാട്ട് ശില്പശാല

...രണം നിർമ്മാണം, തോണി നിർമ്മാണം
ചതുരം വട്ടം, ത്രികോണം എന്നീ ആകൃതികൾ
ചേർത്തുവെച്ച് രൂപങ്ങളും ചിത്രങ്ങൾ നിർമ്മിക്കൽ

ജൂലായ്, ആഗസ്റ്റ്

* ഓരോ കുട്ടിക്കും കണക്കുപെട്ടി
* ഒന്നുമുതൽ 100 വരെ എഴുതിയ ടോക്കൺ
* കളിനോട്ടുകൾ 10 വീതം
* കമ്പ്കെട്ടുകൾ, സംഖ്യാ സ്ലിപ്പുകൾ
* അബാക്കസ് നിർമ്മാണം

ആഗസ്റ്റ് സെപ്റ്റംബർ

* പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം
* ന്യൂമിൻ നിർമ്മാണം
* കുട്ടികളുടെ ഉയരം വണ്ണം ഭാരം

# അക്കാദമിക മാസ്റ്റർപ്ലാൻ

## പരിസരപഠനം - Std III

**ആമുഖം -**

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ വളർത്തുന്നതിന് വ്യക്തിഗത പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളും ഉണ്ടാക്കേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവിസ്നേഹം, അറിവ്, ആർദ്രത, സഹിഷ്ണുത, അനുകമ്പ, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.

**ലക്ഷ്യങ്ങൾ**

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
* കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക.
* ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.
* പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.

ർത്തനപദ്ധതികൾ ജൂൺ ജൂലായ്

* പ്രീടെസ്റ്റ്
* അവലോകനം
* പ്രകൃതിനടത്തം
* ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പ്രത്യേകതകൾ മനസ്സിലാക്കുക
* വിവിധ ആവാസ വ്യവസ്ഥകളെ അടുത്തറിയൽ
* ജീവികളുടെ പരസ്പര ആശ്രയത്വം
* വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം
* സ്കൂൾ പച്ചക്കറിത്തോട്ടം നിർമാണം പരിപാലനം
* പരിസ്ഥിതി മലിനീകരണം ചർച്ച
* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

ജൂലായ്

* ജീവികളെ നിരീക്ഷിക്കൽ, വലുതും ചെറുതുമായ ജീവികളെ കണ്ടെത്തൽ
* ജീവികളിലെ വൈവിധ്യം വ്യത്യസ്തത
* കടലിലെ ജീവികൾ സഞ്ചാരരീതികൾ
* ജീവികളുടെ ആഹാരരീതികൾ
* പാറുന്ന ചിത്രശലഭങ്ങളെ നിരീക്ഷിക്കൽ
* നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ

ആഗസ്റ്റ് സെപ്റ്റംബർ

* ദിനാചരണങ്ങൾ
* ഓണാഘോഷങ്ങൾ കളിത്തോണി സ്കൂളിൽ വരവ്.
* ക്ലാസ്സിലെ ശാസ്ത്ര ക്ലബ്ബുകൾ രൂപീകരിക്കുക
* ശാസ്ത്രത്തിന് മാർക്ക്
* ശാസ്ത്രത്തിലെ പോസ്റ്ററുകൾ

# ACCADEMIC Master Plan

## Subject - English. Std III

Aim – To speak read and write English without any mistakes

Time – June to March.

To check the voccabulary and writing skills of pupils

Activities

June and July.

- Pre Test.
- To develop listening skills and reading skills

Listening skills

* Games, Action song
* Hello English Activities
* Conversations
* Skit, Stories use ICT.

Speaking skills

* Identify the names of things from the picture
* Identify the action words from the picture.
* Making simple sentences
* Make simple sentences about the picture.
* Give self introduction

## ...ust & September

Develop the creative speaking and writing skills

Reading skills

* Books Reading
* Find words
* Collect and read past tense
* Rhyming words
* TB activities

Writing skills

* Make word web
* Picture description
* Word Chain
* Makes words and sentences
* Make riddles & Conversations
* Add more lines

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം Std III

### പഠനലക്ഷ്യങ്ങൾ

* ഗണിതപഠനം രസകരമാക്കുക
* ഗണിതം ആസ്വദിച്ച് പഠിക്കാൻ കഴിയുക
* യുക്തിചിന്ത, വിശകലനാത്മകചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുക
* 2000 വരെയുള്ള സംഖ്യകൾ വായിക്കുക, പറയുക, എഴുതുക
* നോട്ടുകളും നാണയങ്ങളും കൈകാര്യം ചെയ്യാനുള്ള ശേഷി നേടുക. അവ ഉപയോഗിക്കേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അവ ഉപയോഗപ്പെടുത്തുക.
* ഗുണന സംഖ്യകൾ ഉപയോഗിച്ചുള്ള സങ്കലനം
* മീറ്റർ, സെന്റിമീറ്റർ തുടങ്ങിയ നീളത്തിന്റെ യൂണിറ്റുകൾ പരിചയപ്പെടുകയും നീളം അളക്കുന്നതിനും അവ ഉപയോഗിച്ചുള്ള പ്രായോഗിക സന്ദർഭങ്ങൾ കൈകാര്യം ചെയ്യുന്നതിന് ശേഷി നേടുക
* 9 വരെയുള്ള സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുക.

### ജൂൺ ജൂലായ്

യൂണിറ്റ് 1 രൂപങ്ങൾ തിരിച്ചറിയാം.

* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
* ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് വേർപെടുത്തൽ

അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്: IV

## മലയാളം

### ലക്ഷ്യങ്ങൾ

- പഴഞ്ചൊല്ലുകളും നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാ പ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സാഹിത്യരചനകൾ (കവിത, വിവരണം) വായിച്ചുകേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.
- ആശയ വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.

| പ്രവർത്തനം | കാലയളവ് |
| --- | --- |
| • വളരുന്ന അക്ഷര ലൈബ്രറി (ഓരോ ആഴ്ച്ചയിലും 5 ദിവസത്തേക്ക് 5 അക്ഷരങ്ങൾ നൽകുന്നു), അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ, പദങ്ങൾ, മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു. വായിക്കുന്നു.<br>• ചിത്രം നൽകി വായനാ കാർഡ് നിർമാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ) | ഒക്ടോബർ |

| | |
|---|---|
| വായിക്കൽ<br>• പദചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ<br>• ആദരണം അണിയിക്കാം (ചിഹ്നങ്ങൾ ചേർക്കുന്ന പ്രവർത്തനം)<br>• ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദനിർമ്മാണം<br>• തെറ്റ് തിരുത്തൽ | |
| • ചിത്രവായന<br>• ചിത്രം നോക്കി കഥപറയാം<br>• ഗ്രൂപ്പിൽ പറയുന്ന പദം മറ്റ് ഗ്രൂപ്പുകാർ പുസ്തകം, വായനാകാർഡ് നോക്കി പറയൽ<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ (കഥയിൽ ആരൊക്കെ), സംഭാഷണം | നവംബർ |
| • കൂട്ടവായന - കുട്ടികൾ പരസ്പരം സഹായിച്ച് വായിക്കുന്നു.<br>• വായന ചങ്ങല - വായനാകാർഡ് നൽകൽ<br>• ചിത്രം നൽകി വിവരണം എഴുതൽ<br>• ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ | ഡിസംബർ |

## പരിസരപഠനം

### ലക്ഷ്യങ്ങൾ

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
- ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.
- കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നിഗമനത്തിലെത്തിച്ചേരൽ

| പ്രവർത്തനം | കാലയളവ് |
|---|---|
| • നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണപ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം (ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും | സെപ്തംബർ - ഒക്ടോബർ |
| **ദിനകൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ | |

| | |
|---|---|
| ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ഒക്ടോബർ |
| <u>നമ്പർ വൺ</u><br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ്റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു. | ഒക്ടോബർ |
| <u>പരിസര നടത്തം</u><br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം – സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | നവംബർ |
| <u>നല്ല ശീലം</u><br>• പോസ്റ്ററുകൾ തയ്യാറാക്കാം<br>• പരിസരങ്ങളിൽ പതിക്കാം | നവംബർ |
| <u>പരീക്ഷണങ്ങൾ</u><br>• ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>• നാടിനെ, പരിസ്ഥിതിയെ, മണ്ണും, അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് | ഡിസംബർ |

# ഗണിതം

## ലക്ഷ്യങ്ങൾ

- മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ അവസരം ഒരുക്കൽ
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- പാറ്റേൺ കണ്ടെത്തൽ
- വിവിധതരം അളവുകൾ ഉണ്ടെന്ന അറിവ്

| പ്രവർത്തനം | കാലയളവ് |
|---|---|
| **കൂട്ടങ്ങളാക്കാം**<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>• കളിനോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000, 2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം | സെപ്തംബർ-<br>ഒക്ടോബർ |
| **സംഖ്യാ സൂര്യൻ**<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്തരീതിയിൽ മാറ്റി എഴുതുന്നു.<br>• സംഖ്യകൾ ക്രമീകരിക്കുന്നു. | ഒക്ടോബർ |

<table>
<tr><td>ക്ലാസിൽ ഒരു കട (കുഞ്ഞിക്കട)/കച്ചവട<br>കണക്ക്<br>- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ<br>വെള്ളം, അരി etc. ചേർന്ന്<br>അവയ്ക്ക് വില നൽകി കട ക്രമീകരി<br>ക്കുന്നു.<br>· നോട്ട്, അളവ് പാത്രങ്ങൾ ക്രമീക<br>രിക്കുന്നു.<br>· ആവശ്യമുള്ളവ അളന്നെടുക്കുന്നു<br>· കളിനോട്ട് ഉപയോഗപ്പെടുത്തി<br>കച്ചവടങ്ങൾ ഒരുക്കുന്നു.</td><td>ഒക്ടോബർ -<br>നവംബർ</td></tr>
<tr><td>സംഖ്യാ ചക്രം<br>സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ<br>തിരഞ്ഞെടുക്കുന്നു.<br>· അവതമ്മിലുള്ള ചതുഷ്ക്രിയ<br>കൾ ചെയ്യാം.<br>ജോഡി കണ്ടെത്താം<br>- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക<br>ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>- കുട്ടികൾക്ക് സംഖ്യാ നറുക്കുകൾ<br>തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>· ക്രിയ ചെയ്യാം<br>. കിട്ടിയ സംഖ്യ ചാർട്ടിലെ ഏത്<br>ക്രിയയുടെ ഉത്തരം ആണെന്ന്</td><td>ഒക്ടോബർ -<br>നവംബർ</td></tr>
</table>

| കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | |
|---|---|
| • ചിത്ര പാറ്റേണുകൾ പരിചയപ്പെടൽ<br>• ചിത്ര പാറ്റേൺ മാഗസിൻ തയ്യാറാക്കൽ<br>• സംഖ്യാ പാറ്റേൺ രൂപീകരണം<br>• അഡീഷൻ സ്ട്രിപ്പ് തയ്യാറാക്കൽ<br>• സംഖ്യാ ചാർട്ട് നിർമ്മാണം | ഡിസംബർ |
| | |

## Learning objectives English

- Listen to instructions and engage in activities.
- Arrange words in Alphabetical order
- Add more exchanges to the conversation Suitable to the context.
- Reads and understands the given stories and poems.
- Make Simple riddles

| Activities | Duration |
| --- | --- |
| . Give more chance to hearing instructions based on the day to day life & classroom<br>. show the pictures of action verbs.<br>. Performing actions by hearing instruction and commands. | september - December |
| Dictionary<br>. Introducing the dictionary<br>. Give words<br>. Arranging words in alphabetical order | September - December |
| Conversation<br>. Reading the conversation<br>. Conversation is acting with friends. | October - December |

| | |
|---|---|
| · Adds more exchanges to the conversation<br>· Slow learners :- Give opportunity to express their idea in malayalam. | |
| Let's read<br>- Provides the opportunity to read simple stories and poems.<br>· They told the story they read. | October - March. |
| Riddles<br>· Give children the opportunity to hear and answer simple riddles.<br>· Make simple riddles | November - December |
| | |